ദേശാഭിമാനി 23 April 2023

# ജിഎം വിളകൾക്ക് മീൻകൃഷിയിൽ മികച്ച സാധ്യതകളെന്ന് വിദഗ്ധർ

**കൊച്ചി**

ജനിതകമാറ്റം വരുത്തിയ (ജിഎം) വിളകൾക്ക് മീൻകൃഷി മേഖലയിൽ മികച്ച സാധ്യതകളുണ്ടെന്ന് വിദഗ്ധർ. തീറ്റകളിൽ ഇവ ചേരുവയായി ഉപയോഗിക്കുന്നത് മീൻതീറ്റ വ്യവസായരംഗം വികസിപ്പിക്കാനും രോഗബാധയും കൃഷിച്ചെലവും കുറയ്ക്കാനും സഹായിക്കും. ജിഎം വിളകളെക്കുറിച്ച് കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) നടന്ന ശിൽപ്പശാലയിൽ സംസാരിക്കുകയായിരുന്നു വിദഗ്ധർ.



ജിഎം വിളകളെക്കുറിച്ച് സിഎംഎഫ്ആർഐയിൽ നടന്ന ശിൽപ്പശാലയിൽനിന്ന്

കൂടുതൽ പോഷകമൂല്യമുള്ള ഘടകങ്ങൾ ചേർത്ത് ജിഎം വിളകൾ വികസിപ്പിക്കാം. ഇത്തരം ഉൽപ്പന്നങ്ങൾ തീറ്റകളിൽ ഉപയോഗിക്കുന്നത് മീൻ, ചെമ്മീൻ ലഭ്യത കൂട്ടും. തീറ്റയ്ക്കായി ഫിഷ് മീലുകളെയും മീൻ എണ്ണകളെയും അമിതമായി ആശ്രയിക്കുന്നത് കുറച്ച് മീൻകൃഷിയുടെ സുസ്ഥിരത നിലനിർത്താനും ഇതുവഴി സാധിക്കും. ഇതുമായി ബന്ധപ്പെട്ട് കൂടുതൽ ഗവേഷണപഠനങ്ങൾ ആവശ്യമാണെന്നും ശിൽപ്പശാലയിൽ അഭിപ്രായമുയർന്നു.

സിഎംഎഫ്ആർഐയുമായി സഹകരിച്ച് ബയോടെക് കൺസോർഷ്യം ഇന്ത്യ ലിമിറ്റഡാണ് (ബിസിഐഎൽ) ശിൽപ്പശാല സംഘടിപ്പിച്ചത്. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ അധ്യക്ഷനായി. ബിസിഐഎൽ ജനറൽ മാനേജർ ഡോ. വിഭ അഹൂജ, കെ അംബാശങ്കർ, നീനു പീറ്റർ, ചന്ദ്രശേഖർ ശങ്കരനാരായണൻ, ജയ്സൺ ജോൺ, ഡോ. പി വിജയഗോപാൽ, എസ് മഹേഷ്, ഡോ. എസ് ആർ കൃപേഷ് ശർമ, ഡോ. ഗ്രിൻസൻ ജോർജ് തുടങ്ങിയവർ സംസാരിച്ചു.